# കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഉത്തരവു നടപടികൾ

വിഷയം :- മെഡിക്കൽ വിദ്യാഭ്യാസം – ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട് – അക്കാദമിക് – മെഡിക്കൽ പി ജി വിദ്യാർത്ഥികളുടെ ചികിത്സാവധി –മെഡിക്കൽ ബോർഡ് രൂപീകരണം സംബന്ധിച്ച്.

സൂചന :- കേരള റസിഡൻസി മാന്വൽ 2009

| ഉത്തരവ് നമ്പർ: ബി2/17632/2013/എംസിസി | തിയ്യതി : 28/11/2013 |
|---|---|

മെഡിക്കൽ പിജി വിദ്യാർത്ഥികളുടെ ചികിത്സാ അവധി തുടർച്ചയായി 30 ദിവസത്തിൽ കൂടുതലായാൽ മെഡിക്കൽ ബോർഡിന് ശുപാർശ ചെയ്യേണ്ടതാണെന്ന നിബന്ധന പ്രകാരം മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റു സംബന്ധിച്ച് ഇനി പറയുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കുന്നു.

ജൂനിയർ റസിഡന്റുമാർ സീനിയർ റസിഡന്റുമാർ എന്നിവർ 30 ദിവസത്തിൽ കൂടുതൽ തുടർച്ചയായി അസുഖം/ചികിത്സാ അവധിയ്ക്ക് അപേക്ഷിക്കുമ്പോൾ അവധി അപേക്ഷയോടൊപ്പം ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ ഒരു മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. പ്രസവാവധിയ്ക്ക് തുടർച്ചയായി 30 ദിവസത്തിൽ കൂടുതൽ ചികിത്സാ അവധി എടുക്കുമ്പോഴും ഈ നിബന്ധന ബാധകമാണ്.

ഈ മെഡിക്കൽ ബോർഡിലെ അംഗങ്ങളായി ഇനി പറയുന്ന ഡോക്ടർമാരെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | |
|---|---|
| ഡോ. സജിത്ത് കുമാർ | ജനറൽ മെഡിസിൻ |
| ഡോ. ഇ. വി. ഗോപി | ജനറൽ സർജറി |
| ഡോ. സജല വിമൽരാജ് | ഗൈനക്കോളജി |
| ഡോ. അശോക് കുമാർ | സൈക്യാട്രി |
| ഡോ. രാജേഷ് പുരുഷോത്തമൻ | ഓർത്തോപീഡിക്സ് |

മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിൽ അസുഖത്തിന്റെ സ്വഭാവമനുസരിച്ച് ഇവരിൽ ഏതെങ്കിലും മൂന്നു ഡോക്ടർമാരും ആശുപത്രി സൂപ്രണ്ടും ഒരേ ദിവസം തന്നെ ഒപ്പു വെച്ചിരിക്കേണ്ടതാണ്. തിരികെ പ്രവേശിക്കുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഒരു ഡോക്ടർ മാത്രം ഒപ്പുവെച്ചാൽ മതിയാകുന്നതാണ്.

മേൽപറഞ്ഞ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റോടുകൂടി അല്ലാതെയുള്ള തുടർച്ചയായി 30 ദിവസത്തിൽ കൂടുതലുള്ള ചികിത്സാവധി അപേക്ഷകൾ വകുപ്പുതലവന്മാർ ശുപാർശ ചെയ്ത് അയയ്ക്കാൻ പാടുള്ളതല്ല.

ഒപ്പ്
**ഡോ. സി. രവീന്ദ്രൻ**
**പ്രിൻസിപ്പാൾ**

ഉള്ളടക്കം : മെഡിക്കൽബോർഡ് സർട്ടിഫിക്കറ്റിന്റെ മാതൃക.

ബോർഡ് അംഗങ്ങൾക്ക്
പകർപ്പ് :
സൂപ്രണ്ട്, എം സി എച്ച്
സൂപ്രണ്ട്, ഐ എം സി എച്ച്
സൂപ്രണ്ട്, ഐ സി ഡി, എസ്.എസ്.ബി
എല്ലാ വകുപ്പു തലവന്മാർക്കും
നോട്ടീസ് ബോർഡ് (അക്കാദമിക്, പിജി ഹോസ്റ്റലുകൾ)
ഇ2 സെക്ഷൻ, പ്രിൻസിപ്പാളിന്റെ സി എ
അക്കാദമിക് ജൂനിയർ സൂപ്രണ്ട്,
കോളേജ് വെബ് സൈറ്റ്, ഫയൽ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്